**അനുബന്ധം-1**

14-07-2022-ലെ നക്ഷത്രചിഹ്നമിട്ട (*272) ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ (എ )പിരിവിന്റെ ബാക്കി ഭാഗം.

ഈ കൃഷിക്കൂട്ടങ്ങളുടെ 80% ഉൽപാദന മേഖലയിലും 20% സേവന വിപണന മൂല്യവർദ്ധന മേഖലയിലും ഉണ്ടാകുന്നതോടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, മൂല്യവർദ്ധന ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് സാധിക്കുന്നു. തരിശ് ഭൂമികൾ മുഴുവനും യന്ത്രവത്കരണത്തിലൂടെയും സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ഇടപെടലുകളിലൂടെയും കൃഷിയോഗ്യമാക്കുന്നതോടെ കേരളത്തിലെ കാർഷിക മേഖല യുവാക്കളേയും പ്രവാസികളേയും സ്ത്രീകളെയും ആകർഷിക്കുന്ന തൊഴിൽ മേഖലയായി മാറും.

അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകി വരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദനപ്പിക്കുന്നതിനായി " ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയും നടപ്പിലാക്കി വരുന്നു. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

കൂടാതെ വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു.

അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രധാന്യം

മനസ്സിലാക്കുന്നതിനും ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും.

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. ഇതുകൂടാതെ ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായും ധനസഹായം നൽകി വരുന്നു.

പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പ് വരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി “ സേഫ് ടു ഈറ്റ്” എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി" കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജൈവ കൃഷി പ്രോത്സാഹനം എന്ന ഘടകത്തിൽ പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഒരു ഹെക്ടറിന് 7500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. അപ്രകാരം 2780 ഹെക്ടറിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി 208.50 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

ഒരു പുരയിടത്തിലെ സാധ്യമായ എല്ലാ ഉൽപ്പാദന ഘടകങ്ങളേയും

സമന്വയിപ്പിച്ച് ഒരു കൃഷിയിടാധിഷ്ഠിത ആസൂത്രണം എന്ന സമീപനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 10760 ഫാം പ്ലാൻ അധിഷ്ഠിത മാതൃകാത്തോട്ടങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയും പുരയിട കൃഷിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്നുണ്ട്.

കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറും ഉല്പാദനം 10.01 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22 സാമ്പത്തിക വർഷത്തിൽ വിസ്തൃതി 1.08 ലക്ഷം ഹെക്ടറും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.